# സകലജീവജാലങ്ങളോടും സഹതാപത്തോടെ പെരുമാറുക

***വഅ്ബുദുല്ലാഹ വലാതുശ്‌രിക്കൂ ബിഹീ ശയ്യൻവ്വബിൽവാലിദയ്നി ഇഹ്‌സാനൻവ്വബിദിൽ ഖുർബാ വൽയത്താമാ വൽ മസാക്കീനി വജാരി ദിൽ ഖുർബാ വൽജാരിൽജുനുബി വസ്സാഹിബി ബിൽജൻബി വബ്നിസ്സബീലി വമാമലക്കത്ത് അയ്മാനുക്കും ഇന്നല്ലാഹ ലായുഹിബ്ബു മൻകാന മുഖ്ത്താലൻ ഫഖൂറാ***

(നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; മറ്റൊന്നിനെയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക. അടുത്തബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്തബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും നന്മ ചെയ്യുക. അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. 4: 37)

അല്ലാഹുവിന്റെ അളവറ്റ ഔദാര്യംകൊണ്ട്, ഇന്ന് നാം പരിശുദ്ധറമളാനുശേഷം പെരുന്നാളാഘോഷിക്കുകയാണ്. കഴിഞ്ഞ മുപ്പത് ദിവസം നാം നോമ്പു പിടിച്ചതും ഇന്ന് ഈ സന്തോഷം നാം കൊണ്ടാടുന്നതും അല്ലാഹു കല്പിച്ചതിനാലാണ്. റമളാനും അതിനുശേഷം പെരുന്നാളും നമുക്ക് നല്കുന്ന പാഠം, ഒരു സത്യവിശ്വാസിയുടെ എല്ലാ അനക്കമടക്കവും അല്ലാഹുവിന്റെ തൃപ്തിയ്ക്ക് വിധേയമായിരിക്കണമെന്നാണ്. അവന്റെ ഇഷ്ടത്തിനനുസരിച്ചായിരിക്കണം നമ്മുടെ നടത്തവും ഇരുത്തവും. ഇന്ന് നമ്മളിൽ അധികമാളുകളും പുതിയതും വൃത്തിയുള്ളതുമായ വസ്ത്രം അണിഞ്ഞിട്ടുള്ളതും, നമ്മുടെ തൗഫീഖ് അനുസരിച്ച് നല്ല ഭക്ഷണം കഴിക്കുന്നതും, സന്തോഷം കൊണ്ടാടുക എന്ന അല്ലാഹുവിന്റെ കല്പനയുടെ അടിസ്ഥാനത്തിലാണ്. പക്ഷേ, ഈ സന്തോഷവും ഈ വസ്തുക്കൾ ഉപയോഗിക്കാനുള്ള അനുവാദവും– ഇത് കഴിഞ്ഞ ദിനങ്ങളിൽ നിയന്ത്രണവിധേയമായിരുന്നു– നിങ്ങൾ പൂർണ്ണമായും സ്വതന്ത്രരായതുകൊണ്ടല്ല. ഇനിയുള്ള പതിനൊന്നുമാസം, നല്ലവണ്ണം തിന്നാനും കുടിക്കാനും ജീവിതസുഖം അനുഭവിക്കാനും എല്ലാതരം സൽസ്വഭാവങ്ങളും മറക്കാനും ഉള്ളതല്ല. ഈ പെരുന്നാളിന്റേയും ഈ അനുവാദത്തിന്റേയും ഉദ്ദേശ്യം ഒരിക്കലുമതല്ല. ഇതു നല്ലവണ്ണം ഓർത്തിരിക്കേണ്ടതാണ്. തടവുകാർ മോചിതരാകുന്നതുപോലെ അല്ലെങ്കിൽ ഏതെങ്കിലും ബുദ്ധിമുട്ടിൽ അകപ്പെട്ടവൻ അതിൽനിന്ന് രക്ഷപ്പെടുന്നതുപോലെയല്ല ഇത്. അങ്ങനെയുള്ളവൻ വലിയ സൽക്കാരമൊരുക്കുന്നു. തന്റെ സുഹൃത്തുക്കളെ വിളിച്ചുവരുത്തുന്നു. അനാവശ്യമായ കൂത്തും കളിതമാശകളും ഡാൻസും താളമേളങ്ങളും നടക്കുന്നു. സന്തോഷം കൊണ്ടാടുന്നതിന്റെ പേരിൽ വങ്കത്തരങ്ങളാണ് അവിടെ അരങ്ങേറുന്നത്. എന്നാൽ ഞാൻ പറഞ്ഞതുപോലെ ഒരു സത്യവിശ്വാസിയിലുള്ള സന്തോഷത്തിന്റെ പ്രകടനം, പുതിയ വസ്ത്രം ധരിക്കുക, ഭക്ഷണം കഴിക്കുക എന്നത് ഇന്ന് പെരുന്നാളായതുകൊണ്ടാണ്. അല്ലാഹു പെരുന്നാളാഘോഷിക്കാൻ കല്പിച്ചിരിക്കുന്നു. 30 ദിവസം, അനുവദനീയമായ കാര്യങ്ങൾ ഒരു പ്രത്യേക നേരത്തേക്ക് തടഞ്ഞുവെച്ചത്, അത് തടഞ്ഞുവെയ്ക്കാൻ അല്ലാഹു കല്പിച്ചതുകൊണ്ടായിരുന്നു. ഈ രണ്ട് കർമ്മങ്ങളും അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിയാണ്. അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടിയാണ്. ഇതിനു പുറമെ ആരാധനകളുടേയും മറ്റു സൽക്കർമ്മങ്ങളുടേയും ബന്ധത്തെക്കുറിച്ച് കല്പിച്ചിട്ടുള്ളതും എപ്രകാരം റമളാനിൽ നിങ്ങൾ പ്രവർത്തിച്ചിരുന്നുവോ അതുപോലെ എപ്പോഴും പ്രവർത്തിക്കുമെന്നതിനുവേണ്ടിയാണ്. അതെപ്പോഴും ചെയ്തുകൊണ്ടിരിക്കുക. റമളാനിൽ ഈ കാര്യങ്ങൾക്കു വേണ്ടി ഒരു പ്രത്യേക അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടുവെന്ന് മാത്രമേയുള്ളൂ. ഈ റമളാൻമാസം വന്നത്, ഉറക്കമിളച്ചിരുത്താനോ തന്റെ ദാസന്മാരുടെമേൽ എന്തെങ്കിലും പിഴയിടാനോ വേണ്ടിയായിരുന്നില്ല. അല്ലാഹുവിന്, ഏതെങ്കിലും ഉറക്കമിളക്കുന്നവനേയോ പിഴയടയ്ക്കുന്നവനേയോ ആവശ്യമില്ല.

അവൻ മനുഷ്യനെ ഒരു ഉദ്ദേശ്യത്തോടുകൂടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. ആ ഉദ്ദേശ്യം അവനെ ആരാധിക്കുക എന്നതാണ്. ആരാണോ അവനെ ആരാധിക്കുന്നതിൽ മുഴുകുന്നത്, അവർ ഇബാദുർറഹ്മാൻ–

പരമകാരുണികന്റെ ദാസർ എന്നു പറയപ്പെടും. അവന്റെ കല്പനയ്ക്ക് വിധേയരായി നടക്കാത്തവർ സ്വയം തങ്ങൾക്ക് നഷ്ടമാണ് വരുത്തിവയ്ക്കുന്നത്. അഹ്മദികളായ നാം ഇക്കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിച്ചതിനുശേഷം, ഹസ്റത്ത് വാഗ്ദത്തമസീഹിനെ വിശ്വസിച്ചതിനുശേഷം 'അല്ലാഹുവേ, നിന്റെ ഇബാദുർറഹ്മാൻ' ആയിട്ടുള്ളവരും ആയിത്തീരാൻ ആഗ്രഹിക്കുന്നവരുമായവരുടെ കൂട്ടത്തിലാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു' എന്ന് പ്രാർത്ഥിക്കേണ്ടതാണ്. അതിനാൽ ഓരോ അഹ്മദിയും, കഴിഞ്ഞുപോയ ഈ റമസാൻ കേവലം ഉറക്കമിളയ്ക്കുന്നതിനോ പിഴയിടുന്നതിനോ ഉള്ളതായിരുന്നില്ല എന്ന് ഓർമ്മിക്കേണ്ടതാണ്. അതായത് നിർബന്ധിതരായിട്ട് ആരാധനാകർമ്മങ്ങളനുഷ്ഠിച്ചു. നോമ്പ് പിടിച്ചു. നിർബന്ധിതരായി റമസാനിൽ അവസാനത്തെ ജുമുആയിലും പങ്കെടുത്തു. ഇനി നൂറുനൂറ് കുതന്ത്രങ്ങളും അടവുകളുംകൊണ്ട് ആരാധനയിൽനിന്നും, അല്ലാഹുവിന്റെ മറ്റു കല്പനകൾ പാലിക്കുന്നതിൽനിന്നും അകന്നുപോകാം എന്നൊന്നും വിചാരിച്ചുപോകരുത്.

ആരാധനാകർമ്മങ്ങളുടെയും മറ്റു കല്പനകളുടേയും പ്രവർത്തനം നമ്മളിൽ ഒരു ഭാരമായിത്തീരുകയും ഇവയെ മുന്നോട്ടുകൊണ്ടുപോകാതിരിക്കാൻ പലവിധ വ്യാഖ്യാനങ്ങളും തേടുകയും റമസാനുശേഷം അലസതയും മടിയും ഉണ്ടാകുകയും ചെയ്യുക എന്നത് ഒരു അഹ്മദിക്കും ചേർന്നതല്ല.

ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) അത്തരക്കാരെ ഉപമിച്ചതിങ്ങനെയാണ്. പറയുന്നു: ഒരാൾ തണുപ്പുകാലത്ത് നദിയിൽ കുളിക്കാൻ പോകുകയായിരുന്നു. തന്റെ മതപരമായ ചടങ്ങ് അയാൾക്ക് നിർവഹിക്കണമായിരുന്നു. നദിയോട് അടുക്കുന്തോറും തണുപ്പ് കൊണ്ട് നദിയിൽ കുളിക്കുന്നഭയം വർദ്ധിച്ചുകൊണ്ടിരുന്നു. അവസാനം നദിയിലെത്തിയപ്പോൾ അയാൾക്ക് കുളിക്കാൻ ധൈര്യം വന്നില്ല. അയാൾ ഒരു ചെറിയ കല്ലെടുത്ത് നദിയിലേക്കെറിഞ്ഞു. തൊറാസ്നാൻ, മൊറാസ്നാൻ– നീ കുളിക്കുന്നതും ഞാൻ കുളിക്കുന്നതും തുല്യമായിത്തീർന്നു. അതായത് നീ വെള്ളത്തിൽ പോയത് ഞാൻ പോയതുപോലെയാണെന്ന് മനസ്സിലാക്കിക്കൊള്ളുക. തിരിച്ചുവരുമ്പോൾ വേറൊരാളെ അയാൾ കണ്ടു. എവിടെന്നാണ് വരുന്നതെന്ന് ചോദിച്ചു. അയാളും പൂജാകർമ്മം ചെയ്യാൻ നദിയിലേക്കു പോകുകയായിരുന്നു. അയാൾ പറഞ്ഞു. ഞാനിങ്ങനെ നദിയിൽ പോയതാണ്. തണുപ്പ് അധികമാണ്. ഞാനിങ്ങനെ കല്ല് വെള്ളത്തിലെറിഞ്ഞ് തൊറാസ്നാൻ മൊറാസ്നാൻ പറഞ്ഞ് തിരിച്ചുപോന്നു. അയാൾ പറഞ്ഞു, ഇത് എളുപ്പമുള്ള കാര്യമാണല്ലോ. അയാൾ നദിക്കരവരെ എത്തുന്നതിനുപകരം, അവിടെനിന്നു ഒരു കല്ലെടുത്ത് എറിഞ്ഞുകൊണ്ട് തൊറാസ്നാൻ മൊറാസ്നാൻ എന്നു പറഞ്ഞു.

അതുകൊണ്ട് ആരാധനാകർമ്മങ്ങളിൽ അടവുകളും തന്ത്രങ്ങളും അന്വേഷിച്ച് നടക്കരുത്. കൂടുതൽ എളുപ്പമുണ്ടാക്കാനും ശ്രമിക്കരുത്. ഈ റമളാനിൽ നോമ്പ് നോല്ക്കാൻ അല്ലാഹു നമുക്ക് അവസരം നല്കി. ആദ്യത്തെക്കാൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കാനും തൗഫീഖ് കിട്ടി. ഈ മാറ്റം ഉണ്ടായത് മുഴുവൻ ചുറ്റുവട്ടത്തിലുമുണ്ടായ മാറ്റം കാരണമാണ്. അത് നിർബന്ധം കൊണ്ടാണെങ്കിലും വേണ്ടില്ല, മറ്റെന്തെങ്കിലും കാരണത്താലാണെങ്കിലും വേണ്ടില്ല. ഇതിനെ ഓരോ അഹ്മദയും ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു ഒരു പരിശീലനത്തിനുള്ള അവസരമാണ് ഇപ്പോൾ തന്നത്. "എന്നെ ആരാധിക്കാൻ ശ്രദ്ധയുണ്ടാകുന്നില്ല, എന്റെ കല്പനകൾ പൂർണ്ണമായും പാലിക്കാൻ കഴിയുന്നില്ല" എന്നൊക്കെ നിങ്ങൾ പറയുന്നു. അതിനൊക്കെയുള്ള ഒരവസരം ഈ മാസത്തിൽ ഞാൻ തരികയാണെന്ന് അല്ലാഹു പറയുന്നു. എല്ലാവരും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കുകയും ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുകയും തങ്ങളുടെയുള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കാൻ പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. സാധാരണ നിങ്ങളിൽനിന്ന് അലസതയും മടിയും ഉണ്ടാകാറുണ്ട്. എന്നാൽ, ഈ ദിനങ്ങളിൽ നിങ്ങൾക്ക് പരിശീലനം ലഭിക്കാൻ ഈ അന്തരീക്ഷം ഉൾക്കൊള്ളാൻ ശ്രമിക്കുക. ഈയൊരു പ്രാവശ്യത്തെ പരിശീലനം നിങ്ങളുടെ ജീവിതത്തിന്റെ സ്ഥിരമായ ഭാഗമായിത്തീരണം. ആദ്യമേ ആരാധനാകർമ്മങ്ങൾ അനുഷ്ഠിച്ചുപോരുകയും കടമകൾ നിറവേറ്റിവരികയും ചെയ്തവർ ഈ പരിശീലനമാസത്തിൽ, അവരുടെ നിലവാരം ഉയർത്തുന്നു. ഈ മാസത്തിൽ ഏതൊരു നിലവാരം അവർ കരസ്ഥമാക്കുന്നുവോ അതിൽ നിലകൊള്ളാനും, അതിനെ കൂടുതൽ മെച്ചപ്പെടുത്താനും റമസാനുശേഷവും പരിശ്രമിച്ചുകൊണ്ടിരിക്കണം. ആരാധനാകർമ്മങ്ങൾ കൃത്യമായി അനുഷ്ഠിക്കാത്തവരും ചില കല്പനകൾ പാലിക്കാത്തവർപോലും ഈ മാസത്തിൽ നല്ലരീതിയിൽ ചുവടുവയ്ക്കാൻ ശ്രമിക്കുന്നു. ഇതിനുശേഷവും അവരത് നിലനിറുത്താൻ ശ്രദ്ധിക്കേണ്ടതാണ്. റമസാനുശേഷം വീണ്ടും തന്ത്രങ്ങൾ മെനഞ്ഞെടുക്കാൻ തുടങ്ങിയാൽ, കല്ലെറിഞ്ഞു കുളിക്കാം എന്ന ചിന്തയിലിരുന്നാൽ, കൃത്യമായി കർമ്മങ്ങൾ അനുഷ്ഠിക്കുന്നില്ലെങ്കിൽ

അവർക്ക് റമളാൻ വരുന്നതും വരാത്തതും തുല്യമാണ്. അതിനാൽ ഓരോ അഹ്മദിയും, ഏതെങ്കിലും കല്ലിനെ കുളിപ്പിക്കുകയല്ല വേണ്ടത്. മറിച്ച്, സ്വയം ഈ പവിത്രവും പരിശുദ്ധവുമായ ജലത്തിൽനിന്ന് ഫലമെടുക്കേണ്ടതാണ്. റമളാനിലെ ദിനങ്ങളിലെ നിർബന്ധം കാരണം, അല്ലെങ്കിൽ ചുറ്റുവട്ടത്തെ സ്വാധീനം കാരണം നന്മ ചെയ്യാൻ ഉണ്ടായിട്ടുള്ള പ്രചോദനത്തെ തുടർന്നുകൊണ്ടുപോകണമെന്ന് മാത്രമല്ല, അതിന്റെ നില മെച്ചപ്പെടുത്തുകയും വേണം. നല്ലത് ചെയ്യാനായിട്ടുള്ള ഈ ശീലം ഉറയ്ക്കുന്നതിനുവേണ്ടി ഈ പരിശീലനം സാധാരണ അവസ്ഥയിൽ ആവർത്തിക്കേണ്ടതുമാണ്.

പെരുന്നാളിന്റെ സന്തോഷങ്ങളും, പെരുന്നാളിന്റെ പരിപാടികളും പാതിരാത്രി വരെയുള്ള സൽക്കാരങ്ങളും, സദസ്സുകൾ സംഘടിപ്പിക്കലും അതുപോലെ ഈ അന്തരീക്ഷത്തിലെ സൽക്കാരങ്ങളുടേയും സദസ്സുകളുടേയും സ്വാധീനവും, റമളാനിലെ ദിനങ്ങളിൽ ലഭിച്ച പരിശീലനങ്ങളിൽനിന്ന് അകറ്റിക്കൊണ്ടുപോകരുത്. അതിനാൽ ഇന്ന് ഈ പെരുന്നാൾ ദിവസം മുതൽതന്നെ നമസ്കാരം കൃത്യമായി നിലനിർത്തുന്നവരും മറ്റു കർമ്മങ്ങളും ചെയ്യുന്നവരും ആയിത്തീരുക.

ഒരു ഹദീസ് കഴിഞ്ഞ ജുമുആയ്ക്കു ഞാൻ കേൾപ്പിച്ചിരുന്നു. അതിനെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തിരുന്നു. നബി(സ) പറഞ്ഞു: ആരാണോ അല്ലാഹുവിനുവേണ്ടിമാത്രം രണ്ട് പെരുന്നാളിന്റെയും രാത്രി ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നത്, അവന്റെ ഹൃദയം എന്നെന്നേക്കുമായി ജീവിപ്പിക്കപ്പെടുന്നതാണ്. ലോകത്തുള്ള എല്ലാവരുടേയും ഹൃദയങ്ങളും മരിക്കുമ്പോഴും അവന്റെ ഹൃദയം മരിക്കുകയില്ല.

അതുകൊണ്ട് തങ്ങളുടെ സ്വന്തം ഹൃദയത്തെ ചാകുന്നതിൽനിന്ന് രക്ഷപ്പെടുത്തുന്നതിനും അതിന് നിത്യജീവൻ നല്കുന്നതിനുമായി, നിർബന്ധിതനായിക്കൊണ്ടോ, സ്വന്തതാൽപര്യംകൊണ്ടോ, അവസ്ഥകൾകൊണ്ടോ, പരിസരത്തിന്റെ സമ്മർദ്ദം കൊണ്ടോ എന്തുകൊണ്ടായാലും റമളാനിൽ തങ്ങളുടെ ഹൃദയങ്ങളെ ആരാധനാകർമ്മങ്ങളിലേക്ക് പ്രചോദിപ്പിച്ചുകൊണ്ടിരുന്നതിൽതന്നെ എപ്പോഴും ഉറച്ചുനില്ക്കേണ്ടതാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് കൃത്യതയോടുകൂടി പ്രവർത്തിക്കുക. ഞാനോതിയ വചനത്തിൽ അല്ലാഹുതആല ചില കല്പനകളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അത് റമളാൻമാസത്തിൽ ചെയ്യാനുള്ളതാണെന്ന് പറഞ്ഞില്ല. ആ മാസത്തിൽ മാത്രം പ്രവർത്തിച്ചാൽ മതി എന്നും പറഞ്ഞില്ല. പ്രത്യുത സാധാരണ ജീവിതത്തിലും നാം പാലിക്കേണ്ട കല്പനകളാണിത്. എന്നല്ല, ആ നന്മകൾ അനുസരിച്ച് പ്രവർത്തിക്കുന്നവനാണ് സത്യവിശ്വാസി എന്നും പറഞ്ഞിരിക്കുന്നു. അവൻ അത് ചെയ്യുന്നില്ലെങ്കിൽ അഹങ്കാരിയും, പൊങ്ങച്ചം കൊണ്ടുനടക്കുന്നവനുമാണ്. അത്തരക്കാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ഞാൻ ഓതിയവചനത്തിൽ പറഞ്ഞിട്ടുള്ള ഈ എല്ലാ കാര്യങ്ങളും, റമളാന്റെ പ്രത്യേകമായ അന്തരീക്ഷം കാരണത്താൽ, ഓരോ വീട്ടിലും ഒരുപരിധിവരെ ഇതനുസരിച്ചുള്ള എന്തെങ്കിലുമൊക്കെ പ്രവർത്തനം നടന്നിട്ടുണ്ടാകും. ഇല്ലെങ്കിൽ പ്രവർത്തന ത്തിൽ കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ടാകും.

എന്തായാലും രുചി നിങ്ങൾ അനുഭവിച്ചറിഞ്ഞു. ഇനി ഇതിന്റെ ശീലവും ഉണ്ടാക്കേണ്ടതാണ്. ആദ്യമായി പറഞ്ഞകാര്യം ഏകനായ അല്ലാഹുവിനെ ആരാധിക്കുക എന്നാണ്. ആരാധിച്ചാൽ മാത്രംപോരാ, ബഹുദൈവാരാധനയിൽനിന്ന് പരിശുദ്ധരായിക്കൊണ്ട് ആരാധിക്കണം. ഭൗതികമായ പ്രശ്നങ്ങളും നിർബന്ധിതാവസ്ഥകളും, മറ്റുചില താൽപര്യങ്ങളും ആരാധനാസമയങ്ങളെ മുമ്പോട്ടും പിമ്പോട്ടും ആക്കുന്നതാകാൻ പാടില്ല. അങ്ങനെ മുമ്പോട്ടും പിമ്പോട്ടും ആക്കുന്നതും മനുഷ്യന്റെയുള്ളിൽ നിലകൊള്ളുന്ന ഒരുതരം ശിർക്കാണ്. ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് ജാബിർ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു. നമസ്കാരത്തെ ഉപേക്ഷിക്കുകയെന്നത്, മനുഷ്യനെ സത്യനിഷേധത്തിന്റേയും ബഹുദൈവാരാധനയുടേയും അരികെ കൊണ്ടെത്തിക്കുന്നു.

നമ്മളിലോരോരുത്തരും എപ്പോഴും ഇക്കാര്യത്തെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതായത് നമസ്കാരത്തിൽ ഏതെങ്കിലും തരത്തിൽ വീഴ്ച വരുന്നുണ്ടോ, റസമാനുശേഷം നമസ്കാരത്തിൽ മടിയുണ്ടാകുന്നുണ്ടോ എനിക്ക് ജീവിതത്തിലെ മറ്റൊരു റമസാൻ കാണാനും പ്രയോജനപ്പെടുത്താനും ഭാഗ്യം നല്കിക്കൊണ്ട് അല്ലാഹു എന്നോട് ഔദാര്യം കാണിച്ചതാണ്, ഞാൻ എത്രത്തോളം അതിൽനിന്ന് ഫലമെടുത്തു, ഇനി അതിൽ നിലനില്ക്കേണ്ടതല്ലേ തുടങ്ങിയ കാര്യങ്ങൾ നിത്യവും രാത്രിയിൽ ഓരോരുത്തരും പരിശോധിച്ചാൽ ഏതെങ്കിലും തരത്തിലുള്ള നല്ലമാറ്റം ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിനെ നിലനിർത്താനോ, മെച്ചപ്പെടുത്താനോ കഴിയുന്നതാണ്. നമ്മുടെ നിലവാരം വീഴു

ന്നതിനു പകരം ഉയർച്ചയിലേക്ക് പോകുന്നതാണ്. ഈ പ്രധാനപ്പെട്ട കല്പനയ്ക്കുശേഷം- അതാണ് മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം- അടുത്തകാര്യം പറഞ്ഞത്, മനുഷ്യരോടുള്ള കടമകൾ നിറവേറ്റുന്നതിനെക്കുറിച്ചാണ്. ഇത് വലിയകാര്യങ്ങൾ അടങ്ങിയ കല്പനകളാണ്. ഇതിൽ ഏറ്റവും അടുത്തതും പ്രിയപ്പെട്ടതുമായ ബന്ധം മുതൽ അതായത് മാതാപിതാക്കളോടുള്ള ബന്ധം മുതൽ ഏതെങ്കിലും മനുഷ്യനുമായിട്ടുള്ള അകന്നബന്ധംപോലുംപെടുന്നു. ഒന്നാമതായി പറഞ്ഞത് മാതാപിതാക്കളോട് ഔദാര്യഭാവത്തോടെ പെരുമാറുക എന്നതാണ്. ഇതിൽനിന്ന് അവർ ചെറുപ്പത്തിൽ കാണിച്ച ഔദാര്യത്തിന് പകരമാണ് അവരോട് ചെയ്യുന്നതെന്ന് ഒരിക്കലും ധരിക്കരുത്. ഈ ഔദാര്യം കൊണ്ടുദ്ദേശിക്കുന്നത് അവരോട് എപ്പോഴും നല്ലനിലയിൽ പെരുമാറുക എന്നാണ്. മറ്റൊരിടത്ത് പറഞ്ഞിരിക്കുന്നു, ***ഫലാ തഖുൽല്ലഹുമാ ഉഫ്ഫിൻ***. അതായത് ഒരു കാര്യത്തിലും, ഇഷ്ടപ്പെടാത്ത പ്രവൃത്തി അവരിൽനിന്നുണ്ടായാലും അവരെ ഛെ എന്നുപോലും പറയരുത്. ഔദാര്യം കിട്ടുന്നവർ അങ്ങോട്ടും ഔദാര്യം കാണിക്കാറുണ്ട്. ഇവിടെ പറഞ്ഞത് ഔദാര്യം കാണിക്കുന്നത് ഒരു ഭാഗത്തിരിക്കട്ടെ, നിങ്ങൾ ഛെ എന്നുപോലും പറയരുത് എന്നാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) മൂന്നുപ്രാവശ്യം ഈ വാക്കുകൾ ആവർത്തിച്ചു. മണ്ണിൽ ചേർന്ന് അവന്റെ മൂക്ക്, മണ്ണിൽ ചേർന്നു അവന്റെ മൂക്ക്, മണ്ണിൽ ചേർന്നു അവന്റെ മൂക്ക്. സ്വഹാബത്ത് ചോദിച്ചു അല്ലാഹുവിന്റെ റസൂലേ, ആരുടെ മൂക്കാണ് മണ്ണിൽ ചേർന്നത്. ആരാണ് ആ നിർഭാഗ്യവാൻ? അവിടന്ന് പറഞ്ഞു, വാർദ്ധക്യം പ്രാപിച്ച മാതാപിതാക്കളെ കാണുകയും, എന്നിട്ട് അവരെ സേവിച്ച് സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യാത്തവൻ.

കുട്ടിക്കാലത്ത് മാതാപിതാക്കൾ ചെയ്ത ഔദാര്യത്തിന് പകരം ഔദാര്യം ചെയ്യാൻ മനുഷ്യന് സാധ്യമേയല്ല. അതുകൊണ്ടാണ് വിശുദ്ധഖുർആൻ നമ്മെ മാതാപിതാക്കൾക്കുവേണ്ടി ദുആ ചെയ്യാൻ പഠിപ്പിച്ചത്. ***റബ്ബിർഹം ഹുമാ കമാ റബ്ബയാനീ സ്വഗീറാ***. എന്റെ രക്ഷിതാവേ, എന്റെ മാതാപിതാക്കളുടെമേൽ കരുണ ചൊരിഞ്ഞാലും. കാരണം അവർ എന്നെ ചെറുപ്പത്തിൽ പരിപാലിച്ച് വളർത്തിയവരാണ്. മാതാപിതാക്കൾക്കുവേണ്ടിയുള്ള ഈ പ്രാർത്ഥന ചെയ്യുന്നതിനോടൊപ്പം, കുട്ടിക്കാലത്ത് മാതാപിതാക്കൾ കാണിച്ച ഔദാര്യത്തേയും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അത് ഓർമ്മിച്ചുകൊണ്ടാണ് മനുഷ്യൻ ഈ പ്രാർത്ഥന ചെയ്യുന്നത്. പിന്നീട് പറഞ്ഞു. അടുത്ത ബന്ധുക്കളോട് നല്ലരീതിയിലും വാത്സല്യത്തോടെയും പെരുമാറുക. ഒരു ഹദീസിൽ വന്നിരിക്കുന്നു, നബി(സ) തിരുമേനി പറഞ്ഞു: ആരാണോ ഉപജീവനത്തിൽ ഐശ്വര്യം ആഗ്രഹിക്കുന്നത്, അല്ലെങ്കിൽ തന്റെ ആയുസ്സും തന്നെക്കുറിച്ചുള്ള നല്ല സ്മരണയും അധികമാവണമെന്നാഗ്രഹിക്കുന്നത് അവൻ കുടുംബബന്ധം പുലർത്തുക എന്ന സ്വഭാവം സ്വായത്തമാക്കേണ്ടതാണ്. ബന്ധുക്കളേയും ശ്രദ്ധിക്കേണ്ടതാണ്. അടുത്തബന്ധുക്കളേയും രക്തബന്ധുക്കളേയും, മാതാപിതാക്കളുമായി ബന്ധപ്പെട്ട അടുത്തബന്ധങ്ങളേയും പോലെതന്നെയാണ് ഭാര്യയുമായി ബന്ധപ്പെട്ട ബന്ധങ്ങളും. ഈ അടുത്ത ബന്ധങ്ങളെ ശ്രദ്ധിക്കണമെന്ന് പറഞ്ഞിരിക്കുന്നു. അവരോടുള്ള കടമ നിറവേറ്റുക. എന്നല്ല, അവരോട് നന്മയോടുകൂടി പെരുമാറുക. ആരെങ്കിലും ബുദ്ധിമുട്ടിച്ചാൽതന്നെ നന്മ ചെയ്യുന്നതിൽനിന്ന് കൈ വലിച്ചുകളയരുത്.

ഒരു സ്വഹാബി, നബി(സ) തിരുമേനിയുടെ തിരുസന്നിധിയിൽ, 'താൻ ബന്ധുക്കളോടു നല്ലനിലയിൽ പെരുമാറുമ്പോഴും അവർ ബന്ധം വച്ഛേദിക്കുന്നു'വെന്ന് പറഞ്ഞു. ഞാൻ നല്ലനിലയിൽ പെരുമാറുമ്പോൾ വെറും മോശമായനിലയിൽ അവരെന്നോട് പെരുമാറുന്നു. മൃദുവായി പെരുമാറുമ്പോൾ, അവിവേകം കാണിക്കുന്നു. എന്നാൽപിന്നെ നല്ലനിലയിൽ പെരുമാറണ്ടയെന്ന് അവിടന്ന് പറഞ്ഞില്ല. അവിടന്ന് പറഞ്ഞു: നീ പറയുന്നത് സത്യമാണെങ്കിൽപ്പോലും, നിന്റെ ഔദാര്യം അവരുടെമേലുണ്ട്. നീ എപ്പോൾവരെ ഈ അവസ്ഥയിലിരിക്കുമോ, അവർക്കെതിരിൽ അല്ലാഹു നിന്നെ സഹായിച്ചുകൊണ്ടിരിക്കും. അവരുടെ ദുഷ്പെരുമാറ്റം നിനക്ക് ഒരു നഷ്ടവും വരുത്തുകയില്ല. അല്ലാഹുവിന്റെ അനുഗ്രഹം കിട്ടിക്കൊണ്ടേയിരിക്കും. നീ നന്മ ചെയ്തുകൊണ്ടേപോകുക. അതുകൊണ്ട് ബന്ധുക്കളോടു നല്ലനിലയിൽ പെരുമാറിക്കൊണ്ടേയിരിക്കേണ്ടതാണ്.

റമളാൻ മാസത്തിൽ ഹൃദയം പൊതുവെ മൃദുലമായിരിക്കും. ബന്ധുക്കളോടു നല്ലനിലയിൽ പെരുമാറാൻ മനുഷ്യൻ പരിശ്രമിക്കുന്നു. എന്നല്ല, ചിലപ്പോൾ ഔദാര്യമെന്നനിലയിലും പെരുമാറാറുണ്ട്. അല്ലാഹു പറഞ്ഞത് അത് തുടർന്നുകൊണ്ടേപോകാനാണ്. അല്ലാഹുവിനുവേണ്ടി ഈ ഔദാര്യം ചെയ്യുന്നവരാകുമ്പോൾ അല്ലാഹു തീർച്ചയായും സഹായിക്കുന്നു.

ഈ പെരുമാറ്റംകൊണ്ട് അവരിൽ പരിവർത്തനമുണ്ടാകാനും ഇടയുണ്ട്. ഒരു കുടംബംതന്നെ നിങ്ങ

ളുടെ സ്വഭാവംകൊണ്ട് ഹിദായത്തിന്റെ വഴിയിൽ വന്നേക്കാം. സ്വന്തം ഉള്ളിലും മാറ്റങ്ങൾ ഉണ്ടാക്കേണ്ടതാണ്. ഇല്ലെങ്കിൽ കുറഞ്ഞപക്ഷം അല്ലാഹുവിന്റെ റസൂൽ പറഞ്ഞതുപോലെ, നിങ്ങൾ അല്ലാഹുവിന്റെ സഹായവും അനുഗ്രഹവും കരസ്ഥമാക്കുകയായിരിക്കും ചെയ്യുന്നത്.

പിന്നീട് പറഞ്ഞു: യതീംകളോടും നല്ലരീതിയിൽ പെരുമാറുക. യത്തീം എന്നു പറയുന്നത് സമൂഹത്തിന്റെ ഒരു പ്രത്യേക വിഭാഗമാണ്. അവരെ സഹായിക്കേണ്ടത് ഓരോരുത്തർക്കും നിർബന്ധമാണ്. അവരെ സമൂഹത്തിന്റെ ചാലകശക്തിയാക്കിത്തീർക്കണം. നബി(സ) പറഞ്ഞു: ഞാനും യത്തീമിനെ പരിപാലിക്കുന്നവനും സ്വർഗ്ഗത്തിൽ ഇങ്ങനെയായിരിക്കുമെന്ന് പറഞ്ഞ് വിരലുകൾ അല്പം വിടർത്തിക്കാണിച്ചു. ഇതാണ് യതീംകളെ പരിപാലിക്കുന്നവരുടെ സ്ഥാനം.

റമസാനിന്റെ ദിനങ്ങളിൽ സാധാരണ ഹൃദയം മൃദുലമായിരിക്കും. യതീംകളെ സഹായിക്കുന്നതിലേക്കും ശ്രദ്ധയുണ്ടാകും. കഴിഞ്ഞദിവസം ഭയാനകമായൊരു ഭൂകമ്പം പാക്കിസ്ഥാനിലുണ്ടായിരുന്നു. ഇതിൽ ഒരുപാട് കുട്ടികൾ യത്തീമായി. കുട്ടികളെ ദത്തെടുക്കണമെന്ന് പറഞ്ഞ് പലരും എനിക്ക് കത്തെഴുതി. അത് ഭരണകൂടത്തിന്റെ പോളിസിയാണ്. അതെന്താകുമെന്ന് അറിയില്ല. എന്തായാലും, പുതിയ സംഭവവും, റമസാനും ആരാധനാകർമ്മങ്ങളും കാരണങ്ങളാൽ ഈ ഭാഗത്തേക്ക് ശ്രദ്ധ ഉണ്ടായിരുന്നു. നമുക്കേറ്റെടുക്കാൻ സാധിച്ചില്ലെങ്കിലും അതിലേക്ക് പൂർണ്ണമായും ശ്രദ്ധിക്കേണ്ടതാണ്. ജമാഅത്തിൽ യത്തീംകളെ പരിപാലിക്കാനുള്ള വ്യവസ്ഥിതി നടപ്പിലുണ്ട്. ഇതിൽ ദൈവാനുഗ്രഹത്താൽ ആളുകൾ പണം അയക്കുന്നുണ്ട്. ഈ സേവനത്തിൽ പങ്കെടുക്കാൻ കഴിയുന്നവർ മുടങ്ങാതെ അതിൽ പങ്കെടുക്കേണ്ടതാണ്. വേറെയും ഒരുപാട് സംഘടനകളുണ്ട്. വിശ്വസ്തരാണെങ്കിൽ അവിടെയും പണം കൊടുക്കാവുന്നതാണ്. ലോകത്തെല്ലായിടത്തും ജമാഅത്ത് യത്തീംകളെ പരിപാലിക്കാറുണ്ട്. ഇത് നിലച്ചുപോകാത്ത നന്മകളാണ്. ഇത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാക്കിത്തീർക്കുന്നതാണ്.

പിന്നീട് പറഞ്ഞു, മിസ്കീൻമാരോടും സഹതാപത്തോടും അനുകമ്പയോടുംകൂടി പെരുമാറുക. ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: "നിന്റെ ഹൃദയം മൃദുലമാകണമെന്ന് നീ ആഗ്രഹിക്കുന്നെങ്കിൽ, നീ അഗതികൾക്ക് ഭക്ഷണം കൊടുക്കുക, യത്തീംകളുടെ തലയിൽ കൈവയ്ക്കുക." നിങ്ങളുടെ ഈ പെരുന്നാൾ ദിവസവും ഈ നന്മ ചെയ്യുന്നവരും ഇതിലേക്ക് ശ്രദ്ധിക്കുന്നവരുമായിത്തീരേണ്ടതാണ്. റമളാനിൽ, സാധുക്കൾക്കും ദരിദ്രർക്കും ഭക്ഷണം കൊടുത്ത് നിങ്ങൾ നന്മകൾ ചെയ്തിരുന്നു. റമളാനിൽ ഞാൻ പറഞ്ഞതുപോലെ ഹൃദയം കൂടുതൽ മൃദുവാകും. റമളാനിൽ നോമ്പു പിടിക്കുന്ന ദരിദ്രരേയും അഗതികളേയും ശ്രദ്ധിക്കുന്ന ഒരുപാടാളുകൾ ഉണ്ട്. നോമ്പുപിടിച്ചാലും ഇല്ലെങ്കിലും, ആരാധന നടത്തിയാലും ഇല്ലെങ്കിലും, ഖുർആൻ ഓതിയാലും ഇല്ലെങ്കിലും പക്ഷേ, കുറഞ്ഞപക്ഷം ഈ നന്മയുടെ വിചാരം എന്തായാലും ഉണ്ടാകുന്ന ചിലർ മുസ്ലിംകളിലുണ്ട്. അതുകൊണ്ട് പെരുന്നാൾ ദിവസങ്ങളിലും അഗതികളുടെ സന്തോഷത്തിൽ പങ്കെടുക്കേണ്ടതാണ്. അല്ലാഹു മറ്റൊരിടത്ത് പറയുന്നു: ***യുത്‌യിമൂനത്വആമ അലാ ഹുബ്ബിഹീ മിസ്‌ക്കീനൻവ്വ യതീമൻ വ്വഅസീറ***. അവർക്ക് ഭക്ഷണം കഴിക്കാനാഗ്രഹമുണ്ടായിട്ടും, ദരിദ്രരേയും അഗതികളേയും യതീംകളേയും തീറ്റിക്കുന്നു. ആവശ്യക്കാരായിരുന്നിട്ടും, തങ്ങളുടെ ധനത്തിൽനിന്ന് ചെലവഴിച്ച് യതീംകളേയും അശരണരേയും ശ്രദ്ധിക്കുക എന്നതും നന്മ തന്നെയാണ്. കാരണം ഈ നന്മ ചെയ്യുന്നത് അല്ലാഹുവിനുവേണ്ടിയാണ്.

ഏതുപോലെ കഴിഞ്ഞദിനങ്ങളിൽ ഈ നന്മ ചെയ്യാൻ തൗഫീഖ് കിട്ടിയോ, ഇപ്പോഴും ഈ നന്മ തുടർന്നുപോകേണ്ടതാണ്. ഈ പെരുന്നാൾ സന്തോഷത്തിൽ പ്രത്യേകിച്ച് ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ജമാഅത്ത് കഴിവിന്റെ പരമാവധി നിർദ്ധനരായ ആളുകൾക്ക് പെരുന്നാൾ ദിവസം ആവശ്യം നിറവേറ്റിക്കൊടുക്കാറുണ്ട്. ശ്രദ്ധിക്കാറുണ്ട്. എന്തെങ്കിലുമൊക്കെ ഏർപ്പാടുണ്ടാക്കാറുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിവുള്ളവർ ഇതിൽ, പണവും നല്കാറുണ്ട്. പക്ഷേ, ഓരോരുത്തരും ഈ നന്മ തുടർന്നുകൊണ്ടുപോകാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നല്ല, നിർദ്ധനരുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കും വിധമുള്ള മാർഗ്ഗം സ്വീകരിക്കേണ്ടതാണ്. സഹായം ചെയ്ത് സ്വന്തം കാലിൽ നിറുത്താൻ കഴിയുമെങ്കിൽ, അവരെ നിലനിറുത്തുക.

പെരുന്നാൾ കൂടാതെയും ചില സന്തോഷങ്ങളുണ്ട്. വിവാഹങ്ങൾ തുടങ്ങിയവ. നിർദ്ധനരുടെ വിവാഹത്തിനു സഹായിക്കുക എന്നതും വലിയ പ്രതിഫലം കിട്ടുന്ന പ്രവൃത്തിയാണ്. ഇതിനുവേണ്ടിയുള്ള ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ പദ്ധതിയാണ് മർയം ശാദി ഫണ്ട്. അതിലും പണം കൊടുക്കാവുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ

സഹതാപമനോഭാവത്തെ അതിന്റെ പാരമ്യതയിലെത്തിക്കാൻ ഉപദേശിച്ചു. അവിടന്ന് പറഞ്ഞു: "ഞാനുമായി ബന്ധം വെക്കുന്ന നിങ്ങൾ ഓർമ്മിച്ചുകൊള്ളുക, ഏത് മതക്കാരനോടും നിങ്ങൾ സഹതാപം കാണിക്കുക. യാതൊരു വ്യത്യാസവും കൂടാതെ എല്ലാവരോടും നന്മ ചെയ്യുക. കാരണം ഇതുതന്നെയാണ് വിശുദ്ധഖുർആന്റെ പാഠം. തുടർന്ന് ***വ യു ത്യിമൂന ത്വആമ അലാഹുബ്ബിഹീ മിസ്കീനൻവ്വ യതീമൻവ്വ അസീറാ***. എന്ന വചനം ഉദ്ധരിക്കുന്നു. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അവർ അഗതികൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും ആഹാരം നൽകുന്നു. (76:9)

വീണ്ടും അവിടന്ന് പറയുന്നു: "യഥാർത്ഥമായ നന്മ ചെയ്യുന്നവരുടെ പ്രത്യേകത അവർ അല്ലാഹുവിന്റെ സ്നേഹത്തിനായി തങ്ങൾ ഇഷ്ടപ്പെട്ട ഭക്ഷണം അഗതികൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും കൊടുക്കുന്നു എന്നതാണ്. അവർ പറയുന്നു: "ഞങ്ങൾ നിങ്ങളുടെ മേൽ ഒരു ഔദാര്യവും ചെയ്യുന്നില്ല. മറിച്ച്, ഞങ്ങളിത് ചെയ്യുന്നത് അല്ലാഹു ഞങ്ങളെ തൃപ്തിപ്പെടാൻ വേണ്ടിയാണ്. അവന്റെ മുഖത്തിനുവേണ്ടിയാണ് ഈ സേവനം. ഞങ്ങൾ നിങ്ങളിൽനിന്ന് ഇതിന് പകരമൊന്നും ആഗ്രഹിക്കുന്നില്ല. ഞങ്ങളോട് നന്ദി കാണിച്ച് നടക്കുന്നതും ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. ഈ സൂചന സഹതാപത്തിന്റെ ആവേശത്താൽ ചെയ്യുന്ന സൽകർമ്മത്തിന്റെ മൂന്നാമത്തെ മാർഗ്ഗം അവർ അവലംബിക്കുന്നു എന്നതാണ്."

ഈ നന്മ ചെയ്യാനും റമളാൻ മാസത്തിൽ ഒരുപാടാളുകൾക്ക് ശീലമുണ്ടായിട്ടുണ്ട്. ഇത് തുടർന്നുകൊണ്ടുപോകേണ്ടതാണ്. പിന്നീട് അവിടന്ന് സമ്പന്നരോട് പറഞ്ഞു: "നിങ്ങളിൽ ഒരു പുതിയ സാഹോദര്യവും സാഹോദര്യബന്ധവും സ്ഥാപിതമായിരിക്കുകയാണ് (ജമാഅത്തിന്റെ). കഴിഞ്ഞുവന്ന പരമ്പര മുറിഞ്ഞുപോയിരിക്കുന്നു. അല്ലാഹു ഒരു പുതിയ ജനതയെ സൃഷ്ടിച്ചിരിക്കുന്നു. ഇതിൽ സമ്പന്നരും ദരിദ്രരും കുട്ടികളും യുവാക്കളും വൃദ്ധരും തുടങ്ങി എല്ലാതരം ആളുകളുമുണ്ട്. അതിനാൽ തങ്ങളുടെ ആദരണീയരായ ആളുകളെ ബഹുമാനിക്കുക എന്നത് ദരിദ്രരുടെ കടമയാണ്. സമ്പന്നരുടെ കടമയാണ് ദരിദ്രരെ സഹായിക്കുക എന്നത്. അവരെ ദരിദ്രരും നിന്ദ്യരുമായി മനസ്സിലാക്കരുത്. കാരണം പിതാക്കൾ വേറെയാണെങ്കിലും അവരും സഹോദരങ്ങൾ തന്നെയാണ്. നിങ്ങളുടെയെല്ലാം ആത്മീയപിതാവ് ഒരേയൊരാളാണ്. അവർ ഒരേ മരത്തിന്റെ ശാഖകളാണ്."

അയൽവാസികളോട് നല്ലനിലയിൽ പെരുമാറാനുള്ള കല്പനയാണ് മറ്റൊന്ന്. അറിയുന്നവരാണെങ്കിലും വേണ്ടില്ല, അറിയാത്തവരാണെങ്കിലും വേണ്ടില്ല. പൊതുവെ റമസാനിൽ നന്മ ചെയ്യുന്നതിലേക്ക് പ്രത്യേക ശ്രദ്ധയുണ്ടാകുന്നു. ഒരുപാട് ബന്ധങ്ങൾ നല്ലതായിത്തീരുന്നു. ഈ നന്മ പെരുന്നാൾ ദിവസം പ്രത്യേകമായ നിലയിൽ ചെയ്യേണ്ടതാണ്. എന്നുമാത്രമല്ല, അതിനെ സ്ഥിരമായി മുന്നോട്ടുകൊണ്ടുപോകേണ്ടതുമാണ്. വിച്ഛേദിക്കപ്പെട്ട ബന്ധങ്ങൾ പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) അയൽവാസിക്ക് കൊടുത്തിരിക്കുന്ന നിർവചനം വളരെ വിശാലമാണ്. അതിന് വെളിയിൽ നിൽക്കാൻ ആർക്കും കഴിയുകയില്ല. നൂറു മൈലിനുള്ളിൽ താമസിക്കുന്നവർ നിങ്ങളുടെ അയൽവാസികളാണെന്ന് അവിടന്ന് പറഞ്ഞു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു. അല്ലാഹുവിന്റെ പക്കൽ കൂട്ടുകാരിൽ ഏറ്റവും ഉത്തമൻ കൂട്ടുകാരനേക്കാളും ഉത്തമനാണ്. അയൽവാസികളിൽ ഏറ്റവും ഉത്തമൻ അയൽവാസിയേക്കാൾ ഉത്തമനാണ്. അപ്പോൾ നല്ല അയൽവാസിയാണോ അല്ലേ എന്ന് താൻ എങ്ങനെ തിരിച്ചറിയുമെന്ന് ഒരാൾ ചോദിച്ചു. നബി(സ) പറഞ്ഞു. നിന്റെ അയൽവാസി നിന്നെ സ്തുതിക്കുകയാണെങ്കിൽ നീ നല്ല അയൽവാസിയാണെന്ന് കരുതിക്കൊള്ളുക. അഥവാ അവൻ നിങ്ങളുടെ തിന്മകളാണ് പറയുന്നതെങ്കിൽ നീ ചീത്ത അയൽവാസിയാണെന്ന് കരുതിക്കൊള്ളുക. അവിടന്ന് പ്രത്യേകമായ നിലയിൽ സ്ത്രീകളെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: "ഒരു സ്ത്രീയും തന്റെ അയൽവാസിനിയോട് നിന്ദാപരമായി പെരുമാറരുത്." ഇവിടെ സ്ത്രീകളെ പ്രത്യേകം എടുത്തുപറഞ്ഞതെന്തിനാണ്? സ്ത്രീകളിൽ അധികംപേർക്കും അഹങ്കാരവും പൊങ്ങച്ചവും ഉണ്ടാകുന്നു. തങ്ങൾ ചെയ്യുന്ന നന്മകളുടേയും പണത്തിന്റേയും മറ്റുള്ളവരുടെ കൈകളിലില്ലാത്ത വസ്തുക്കളുടേയും പ്രകടനം കൂടുതലായി അവരിൽനിന്നുണ്ടാകുന്നു. ഉദാഹരണത്തിന് ആഭരണങ്ങളും വസ്ത്രങ്ങളും തന്നെ. പറഞ്ഞു: "സ്ത്രീകൾ തങ്ങളെക്കാൾ സാമ്പത്തികശേഷി കുറഞ്ഞ സ്ത്രീകളോട് നിന്ദ്യമായി പെരുമാറരുത് എന്നല്ല, അവരുടെ നില മെച്ചപ്പെടുത്തുന്നതിനായി അവർക്ക് പാരിതോഷികങ്ങൾ കൊടുക്കേണ്ടതാണ്. അതെത്ര ചെറുതാണെങ്കിലും വേണ്ടില്ല. ആടിന്റെ കാലാണെങ്കിലും വേണ്ടില്ല എന്ന് ഹദീസിൽ വന്നിരിക്കുന്നു. ഇതുമുഖേന മറ്റുള്ളവരോടുള്ള നിങ്ങളുടെ

അവജ്ഞയും കുറയും, നിങ്ങൾ അവരെ ദീനിൽ നിങ്ങളുടെ സഹോദരിയായി മനസ്സിലാക്കുകയും ചെയ്യും. മനുഷ്യത്വപരമായി അവരോട് നിങ്ങളുടെ ഹൃദയത്തിലൊരു ബഹുമാനവും ആദരവും ഉണ്ടാകും. അതുകൊണ്ട് സ്ത്രീകളും തങ്ങളുടെ സഹോദരിമാരോട് തങ്ങളുടെ അയൽവാസിനികളോട് സ്ഥലവാസിനികളോട് പ്രത്യേകമായ നിലയിൽ സ്നേഹത്തോടെ പെരുമാറേണ്ടതാണ്. പിന്നീട് ആ നന്മ തുടർന്നുകൊണ്ട് പോകുകയും വേണം. ഈ നന്മകളാണ് അല്ലാഹുവിന്റെ സാമീപ്യം പ്രദാനം ചെയ്യുകയും അവന്റെ അനുഗ്രഹങ്ങളുടെ അവകാശികളാക്കിത്തീർക്കുകയും ചെയ്യുന്നത്.

വീണ്ടും പറഞ്ഞു: കൂടെയിരിക്കുന്നവരോടും കൂട്ടുകാരികളോടും സഹജോലിക്കാരോടും എന്നല്ല സഹയാത്രികരോടും നന്മയോടെ പെരുമാറുക. ഇതുമുഖേന സൽപെരുമാറ്റം ചെയ്യുന്നവരുടെ സ്വഭാവം നന്നാകുന്നതിനോടൊപ്പം അല്ലാഹുവിനോട് അവർ പ്രതിഫലം പറ്റുന്നവരുമായിത്തീരും. ഒരഹ്മദിയെ സംബന്ധിച്ചിടത്തോളം ഇപ്രകാരം തബ്ലീഗ് ചെയ്യാനുള്ള വഴിയും തുറന്നുകൊണ്ടിരിക്കും.ഇന്ന് പെരുന്നാൾ ദിനമാണ്. കൂടെ തൊഴിലെടുക്കുന്നവർക്ക് ചെറുതാണെങ്കിലും അതായത് മിഠായി പോലുള്ള എന്തെങ്കിലും സമ്മാനം കൊടുത്തുവിടുകയാണെങ്കിൽ അതുമുഖേന ബന്ധം ശക്തിപ്രാപിക്കുന്നതാണ്. ഇങ്ങനെ വ്യക്തിപരമായി ബന്ധം സ്ഥാപിക്കുമ്പോൾ തബ്ലീഗും ചെയ്യുന്നതാണ്. ഈ യു.കെയിൽ അഹ്മദികളുടെ രണ്ടായിരം വീടുകളുണ്ടെന്ന് സങ്കല്പിക്കുക, അതിനേക്കാൾ കൂടുതൽ ഉണ്ടാകാം. തങ്ങളുടെ അയൽവാസികൾക്കും ഒന്നിച്ച് തൊഴിൽചെയ്യുന്ന കൂട്ടുകാർക്കും ഏതെങ്കിലും തരത്തിലുള്ള ചെറിയ സമ്മാനം നിങ്ങൾ കൊടുക്കുക. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്. നൂറു മൈലിനുള്ളിൽ താമസിക്കുന്നവർ നിങ്ങളുടെ അയൽവാസികളാണെന്നാണ്. ഇത്രയും കഴിഞ്ഞില്ലെങ്കിലും അഞ്ച്, ആറ് വീടുവരെ നിങ്ങളീ സമ്മാനം കൊടുക്കുക. അതിലൊന്ന് തൊഴിലെടുക്കുന്ന സ്ഥലത്തെ കൂട്ടുകാരനായിരിക്കണം. അങ്ങനെയായാൽ പത്തു മുതൽ പതിനയ്യായിരം വീടുവരെ നമ്മെ പരിചയപ്പെടുത്താൻ കഴിയും. ഇതുമുഖേന അഹ്മദിയ്യത്തിന്റെ പ്രബോധനരംഗം വികസിക്കും. വ്യക്തിപരമായ ബന്ധമാണ് പ്രയോജനപ്പെടുന്നത്. ഇപ്രകാരം മറ്റു രാജ്യക്കാർക്കും ചെയ്യാം. പ്രത്യേകിച്ച് പാശ്ചാത്യനാട്ടുകാർ. ഇങ്ങനെ വരുമ്പോൾ നിങ്ങൾ സന്തോഷം കൊണ്ടാടുന്നതിനോടൊപ്പം പ്രബോധനത്തിന്റെ കടമയും നിറവേറ്റുന്നവരും അതിന്റെ മൈതാനം കീഴടക്കുന്നവരുമായിത്തീരും.

കുറച്ചാളുകൾ ഇങ്ങനെ ചെയ്യുന്നുണ്ടാകും. ആരും ചെയ്യുന്നില്ല എന്ന് ഞാൻ പറയുന്നില്ല. പക്ഷേ, മുടങ്ങാതെ കൂടുതൽ ആളുകൾ ഇതിലേക്ക് ശ്രദ്ധ വെച്ചാൽ പരിചയം ഒരുപാട് വർദ്ധിക്കുന്നതാണ്. സ്വന്തം പ്രദേശത്തും നാട്ടിലുമൊക്കെ ഇസ്ലാമിനെതിരിൽ ചിലപ്പോൾ പ്രകടനങ്ങൾ ഉണ്ടാകാറുണ്ട്. ചില മുസ്ലിംകൾക്കെതിരിൽ പ്രത്യേകിച്ചും. അതുപോലെ ഏഷ്യൻ സൊസൈറ്റിക്കെതിരിൽ പ്രകടനങ്ങൾ ഉണ്ടാകാറുണ്ട്. ഏഷ്യനാണെങ്കിലും യൂറോപ്യനാണെങ്കിലും ആഫ്രിക്കനാണെങ്കിലും ഞാൻ പറഞ്ഞരീതിയിലുള്ള പരസ്പരബന്ധങ്ങൾ വർദ്ധിപ്പിച്ചാൽ, ഒരഹ്മദി എന്ന നിലയിൽ ബന്ധങ്ങൾ വർദ്ധിപ്പിക്കുമ്പോൾ അഹ്മദിമുസ്ലിം എന്ന നിലയിലുള്ള സങ്കല്പം എല്ലായിടത്തും അലയടിച്ചുയരുന്നതാണ്. എവിടെയെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽതന്നെ നിങ്ങളോടുള്ള ഈ ബന്ധവും സഹതാപവും കാരണത്താൽ നിങ്ങളുടെ ഭാഗം ചേരുന്നവർ ആ പ്രദേശത്തും നാട്ടിലുമൊക്കെയുണ്ടാകും. നിങ്ങൾക്കുവേണ്ടിയവർ വാദിക്കും. നിങ്ങളോട് വളരെ സഹതാപമനോഭാവത്തോടെ അവർ പെരുമാറുകയും ചെയ്യും.

നിങ്ങളുടെ കീഴിലുള്ളവരോട്, നിങ്ങളുടെ ജോലിക്കാരോട് സാമ്പത്തികശേഷി കുറഞ്ഞവരോട്, നിങ്ങളെ ആശ്രയിച്ചുനിൽക്കുന്നവരോട് സഹതാപത്തോടും സ്നേഹത്തോടുംകൂടി വർത്തിക്കുക. ഈ നന്മകൾ നിങ്ങൾ ചെയ്യുമ്പോൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരും. ഈ വിനയവും നന്മയും കൊണ്ട് അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുകയും ചെയ്യും. ഇപ്പോൾ ഈ റമളാനുശേഷം ചൂടോടുകൂടി ആരാധനകളുടേയും നന്മകളുടേയും സ്വാധീനം ഓരോരത്തരുടേയും ഹൃദയത്തിൽ നിലനില്ക്കുന്നുണ്ട്. ഇതിനെ എപ്പോഴും ചൂടോടുകൂടിത്തന്നെ നിലനിർത്തേണ്ടതാണ്. പെരുന്നാൾ ദിവസമായ ഇന്നുമുതൽ തന്നെ അതിനെ ചൂടോടെ നിലനിർത്തുക. നമസ്കാരങ്ങളിലും ഖുർആൻ പാരായണങ്ങളിലും സൽസ്വഭാവങ്ങളിലുമൊന്നും ഒരു കുറവും വരാൻ അനുവദിക്കരുത്. മറ്റുള്ളവരോടുള്ള കടമ മനസ്സിലാക്കി പെരുമാറുക എന്നതാണ് യഥാർത്ഥ നന്മ. സ്വന്തം കടമയിലേക്കു മാത്രം ശ്രദ്ധ ചെലുത്തിയാൽ പോരാ. കാരണം വലിയ നന്മ എന്നുപറയുന്നത് മറ്റുള്ളവരോടുള്ള കടമ മനസ്സിലാക്കുക എന്നതാണ്. അല്ലാതെ സ്വന്തം ആവശ്യത്തിനുമേൽ സമ്മർദ്ദം ചെലുത്തുക എന്നല്ല. ആരുടേയും

അവകാശം നമ്മുടെ കൈയിൽ ഉണ്ടാകാൻ പാടില്ല. അതിനേക്കാളുപരി തങ്ങളുടെ സ്വന്തം ദുഃഖങ്ങളിൽ കരഞ്ഞുകൊണ്ടിരിക്കാതെ മറ്റുള്ളവരുടെ ദുഃഖങ്ങളും വിഷമങ്ങളും സങ്കടങ്ങളും മനസ്സിലാക്കുക. ഇങ്ങനെ നാം ചെയ്യുമ്പോൾ ഈ ഒരു ദിവസത്തെ പെരുന്നാൾ മാത്രമല്ല നാം ആഘോഷിക്കുന്നത്. മറിച്ച്, നമ്മുടെ ഓരോ ദിവസവും പെരുന്നാളായിരിക്കും.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "സൂറഃഫാത്തിഹ അല്ലാഹു സമർപ്പിക്കാൻ കാരണം അതിലെ ഒന്നാമത്തെ സവിശേഷഗുണം വിവരിച്ചിട്ടുള്ളത് റബ്ബുൽആലമീൻ എന്നാണ്. ഇതിൽ എല്ലാ സൃഷ്ടിജാലങ്ങളും പെടുന്നു. ഇതുപോലെ ഒരു സത്യവിശ്വാസിയുടെ സഹതാപമനോഭാവവും പക്ഷിമൃഗാദികൾ തുടങ്ങി എല്ലാ ജീവജാലങ്ങളും ഉൾപ്പെടുമാറ് വിശാലമായിരിക്കേണ്ടതാണ്. രണ്ടാമത്തെ സവിശേഷഗുണം പറഞ്ഞത് റഹ്മാനിയ്യത്താണ്. ഇതിൽനിന്ന് എല്ലാ ജീവജാലങ്ങളോടും പ്രത്യേകമായും സഹതാപത്തോടെ പെരുമാറണമെന്ന് മനസ്സിലാകുന്നു. പിന്നെ റഹീമിയ്യത്തിൽ തന്നെപോലെയുള്ള സൃഷ്ടികളോട് ദയയോടെ പെരുമാറാനുള്ള പാഠമാണ്. സൂറഃഫാത്തിഹായിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന അല്ലാഹുവിന്റെ സവിശേഷഗുണം അല്ലാഹുവിന്റെ സ്വഭാവങ്ങളാണ്. അതിൽ മനുഷ്യൻ ഭാഗഭാക്കായിത്തീരണം. അതെന്താണെന്നു വെച്ചാൽ, നല്ല അവസ്ഥയിലുള്ള ഒരാൾ അയാളുടെ സമസൃഷ്ടികളോട് എല്ലാവിധത്തിലും സാധിക്കുന്ന സഹതാപത്തോടെ പെരുമാറുക എന്നതാണ്. ഇതരൻ ബന്ധുവോ, സുഹൃത്തോ മറ്റാരെങ്കിലുമോ ആണെങ്കിൽ തന്നെയും അപരിചിതനെപോലെ അയാളോട് പെരുമാറരുത്. മറിച്ച്, നിങ്ങളോട് അവനുള്ള കടമപോലെ അവനോടുള്ള നിങ്ങളുടെ കടമയും മനസ്സിലാക്കേണ്ടതാണ്. അവന് ഒരാളോട് അടുപ്പമുണ്ട്, അല്ലെങ്കിൽ അവനോട് എന്തെങ്കിലും കടമ നിറവേറ്റാനുണ്ടെങ്കിൽ അത് നിർവ്വഹിച്ചുകൊടുക്കേണ്ടതാണ്.

ഈ കടമകളെല്ലാം നിറവേറ്റുന്നവരായിത്തീരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അത് നമ്മുടെ ശീലമായി നമ്മുടെ ജീവിതത്തിന്റെ ഭാഗമായി എന്നെന്നും നിലനില്ക്കുമാറാകട്ടെ. ഞാൻ ഇവിടെയുള്ളവർക്കും ലോകത്തുള്ള മറ്റെല്ലാ അഹ്മദികൾക്കും ഈദ് ആശംസകൾ നേരുകയാണ്, ഈദ് മുബാറക്ക്. നമുക്ക് ദുആ ചെയ്യാം. അഹ്മദിയ്യാ ജമാഅത്തിന്റെ ലോകവിജയത്തിനുവേണ്ടി ദുആ ചെയ്യുക. ആഗോള ഇസ്ലാമിനെ ഓർമ്മിക്കുക. ഇന്ന് അത് വളരെ ശോചനീയ അവസ്ഥയിലാണുള്ളത്. അല്ലാഹു മുസ്ലിംകൾക്ക് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. അസീറാനെ രാഹെ മൗലായ്ക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എത്രയും വേഗം അവരെ മോചിപ്പിക്കുമാറാകട്ടെ. ചിലർക്കെതിരിൽ കഠിനമായ ശിക്ഷാവിധിയാണുണ്ടായിട്ടുള്ളത്. പിന്നീട് ആകാശത്തുനിന്നിറങ്ങിയ വിപത്തിന്നിരയായവരെ സഹായിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. അല്ലാഹു എല്ലാവരുടെമേലും കരുണചൊരിയുമാറാകട്ടെ. അഹ്മദീ ശുഹദാക്കൾക്കുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവരുടെ ബന്ധുമിത്രാദികൾക്ക് ക്ഷമിക്കാനുള്ള ശക്തി പകരുമാറാകട്ടെ. അല്ലാഹു തന്നെ എപ്പോഴും അവരുടെ സംരക്ഷകനായിരിക്കുമാറാകട്ടെ. എല്ലാതരം ഉപദ്രവങ്ങളിൽനിന്നും അഹ്മദികളെ സുരക്ഷിതരായിവെക്കുമാറാകട്ടെ. സ്വന്തം നിലയിലും ദുആ ചെയ്യുക. നന്മ ചെയ്യാനും അതിൽ സ്ഥിരതയോടെ നിലനില്ക്കാനും അല്ലാഹു സൗഭാഗ്യം തന്നരുളുമാറാകട്ടെ.

Eid Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 4.11.2005 at Islamabad, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala